**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2011 -16 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കേരളത്തിൽ വാട്ടർ ചാർജ് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർധിപ്പിച്ച നിരക്ക് എത്രയാണ്; അവസാനമായി വാട്ടർ ചാർജ് വർദ്ധിപ്പിച്ചത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | 2011-16 കാലഘട്ടം മുതൽ നാളിതുവരെ ആകെ 4 തവണ വാട്ടർ ചാർജ് വർധിപ്പിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<br>1. 30.09.2014-ലെ G.O.(MS)No.92/2014/WRD പ്രകാരം ഒരു കിലോലിറ്ററിന് മിനിമം 4 രൂപ വരുന്ന രീതിയിൽ പരിഷ്കരിച്ചു.<br>2. 10.02.2021-ലെ G.O.(MS)No.9/2021/WRD പ്രകാരം 01/04/2021 മുതൽ 02/02/2023 വരെയുള്ള കാലഘട്ടത്തിൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>3. 03-02-2023 തീയതിയിലെ G.O.(MS)No.11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 2023 -ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) | വാട്ടർ ചാർജ് വർദ്ധനയുടെ അടിസ്ഥാനത്തിൽ എത്ര രൂപയുടെ അധിക വരുമാനം ഈ സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) | 03/02/2023-ലെ ഉത്തരവ് പ്രകാരം പുതുക്കിയ ചാർജ് മൂലം സാമ്പത്തിക വർഷത്തിലെ ആദ്യ 3 മാസം ലഭിച്ച വരുമാനവും മുൻ വർഷം ഇതേ കാലയളവിൽ ലഭിച്ച വരുമാനവും താരതമ്യം ചെയ്യുമ്പോൾ 92.22 കോടി രൂപയുടെ വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ട് (ടി കാലയളവിലെ പുതിയ കണക്ഷനുകളിൽ നിന്നും ലഭിച്ച വരുമാനമുൾപ്പെടെ). വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിലെ നിരക്ക് വർദ്ധനവ് മൂലം വാട്ടർ ചാർജ് മൂന്നിരട്ടിയോളം കൂടിയതിനാൽ സാധാരണ ജനങ്ങൾ പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ വാട്ടർ ചാർജ് കുറയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുകയും എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയുമായിരുന്നു. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 |

| | | | |
|---|---|---|---|
| | | | രൂപയുടെ നഷ്ടം ഉണ്ടായിരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജ് കുടിശിക ഇനത്തിൽ 1453.55 കോടി രൂപ (30/06/2023 വരെ) നൽകാനുമുണ്ട്. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർധിപ്പിച്ചത്. ആയതിനാൽ വർധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.<br><br>ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായികൊണ്ടിരിക്കുന്നത്. വർഷാവർഷം വർധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. 2019 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, 2021 മുതൽക്കുള്ള പി.എഫ് ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 146.19 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടെത്തേണ്ടതുണ്ട്.<br><br>അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേല്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **മാസം** | **2022-23 കണക്ഷൻ** | **2022-23 കളക്ഷൻ** | **2023-24 കണക്ഷൻ** | **2023-24 കളക്ഷൻ** | **വരുമാന വർദ്ധനവ്** |
|---|---|---|---|---|---|
| ഏപ്രിൽ | 40,87,946 | 42.58 | 42,52,588 | 63.03 | 20.44 |
| മേയ് | 40,16,716 | 51.34 | 42,73,930 | 93.13 | 41.79 |
| ജൂൺ | 41,69,243 | 59.17 | 43,04,962 | 89.16 | 29.99 |
| ആകെ | 1,22,73,905 | 153.09 | 1,28,31,480 | 245.32 | 92.22 |

**സെക്ഷൻ ഓഫീസർ**